# നീരയുടെ ശില്പിക്ക് പാരകൾ ചുറ്റും –കേരമിത്ര ജോസഫ് ആലപ്പാട്ട്

ഒരു വൃക്ഷവിളക്കോ, ഒരു കാർഷിക ഉല്പന്നത്തിനൊ ഇല്ലാത്ത അനിതരസാധാരണമായ ഗുണവിശേഷണങ്ങളാൽ സമൃദ്ധമാണ് വരദായനിയായ കല്പവൃക്ഷം.കാലാകാലങ്ങളിൽ അതിനെ കൈകാര്യം ചെയ്യുന്ന അഗ്രഗണ്യർ. അതിൽ പുത്തൻ മാനങ്ങളും നമ്പകളും ദർശിച്ചു. ഈ നാട്ടിൽ ഏറ്റവും കൂടുതൽ ജനം കൃഷി ചെയ്യുന്ന വിള. അരകോടി മനുഷ്യാത്മാക്കൾ എണ്ണത്തിൽ ഏറ്റവും കൂടിയ ഒരു കനി. 15 കോടി തെങ്ങ്. ഏറ്റവും വലിയ ആദായ സങ്കേതം. 9000 കോടി എണ്ണത്തിലും മുമ്പൻ 700 കോടി തേങ്ങ, അതെ, ഒരു സംസ്ഥാനത്തിന്റെ ഭാഗധേയങ്ങളുടെ ഊടും പാവും നിശ്ചയിക്കുന്ന ഏകദേവവൃക്ഷം. കല്പവൃക്ഷം, മാത്രം‧ഇതാ വറുതികൾ മാറി. വേവലാതികൾ ഒഴിഞ്ഞു കഴിഞ്ഞു രണ്ട് കൊല്ലമായി വിലയിലും ആശ്വാസം. കടക്കെണി വിട്ട കർഷകർ, ആമോദത്തോടെ കേരവൃത്തിയിലേക്ക് ഇറങ്ങുന്ന ഒരു ക്ഷേമപർവ്വം. വിദ്ഗ്ധർക്കും അനുഭവസ്ഥർക്കും ഒരു കാര്യം സ്പഷ്ടമായി. നൂറ്റാണ്ടുകൾ പഴക്കമുള്ള തേങ്ങവെട്ടും കൊപ്രഉണക്കും. അത് ആട്ടി വെളിച്ചെണ്ണവിൽക്കലും പോരാ ഇറക്കുമതിക്കാരെ കുച്ചുവിലങ്ങിടാൻ ഈ മേഖലയിലും പുത്തൻ സങ്കേതങ്ങൾ വരണം. കേരവികസനം വൈവിദ്ധീകരണത്തിലേക്ക് എന്ന ചെവിട്ടോർമ്മ ദിഗന്തങ്ങൾ മുഴങ്ങി. മാറ്റത്തിന്റെ കാറ്റ് ആദ്യമായി അടിച്ചത് കേരസംരക്ഷണത്തിനായി രൂപം കൊണ്ട കേരബോർഡിൽ. തലപ്പത്ത് ഇരുന്ന് ഭരിച്ചവർ ഏറെ. പക്ഷെ കേരത്തെ സ്പർശിക്കുമ്പോഴല്ലെ ഫലമറിയൂ. കേരബോർഡ് എന്നും സ്മരിക്കുന്ന മിനി മാത്യു മിന്നി തിളങ്ങി. അവരുടെ ഭാവനാസൃഷ്ടിയായി വളർന്ന് പന്തലിച്ചു നന്മ ചൊരിഞ്ഞ ക്ലസ്റ്റർ പദ്ധതി. കേരമേഖലയിലെ തിരഞ്ഞെടുത്ത കൃഷിയിടങ്ങളിലെ കർഷക കൂട്ടായ്മ. അധ്വാനം ഒഴികെ കേരസമൃദ്ധിക്കു വേണ്ട എല്ലാം സൗജന്യം. കേരവൃത്തിക്കും സൗജന്യമായ തൊഴിലുറപ്പ്. കർഷകർ ആലസ്യം മറന്ന് കേരശുശ്രൂഷയിലേക്ക് എടുത്തുചാടി. ഉത്പ്പാദനം വർദ്ധിച്ചു ഉന്മേഷം തളംകെട്ടി. രോഗം ബാധിച്ച തെങ്ങ് വെട്ടി മാറ്റുന്നതിനും കർഷകനും 500 രൂപ, പകരം രോഗപ്രതിരോധ ശക്തിയുള്ള ഒരു തെങ്ങിൻതൈ. എല്ലാം. പക്ഷെ പദ്ധതികൾക്കു പരിമിതികൾ വന്നു. ക്ലസ്റ്റർ ആനുകൂല്യം. ജില്ലകൾ മാറി, മറ്റു സംസ്ഥാനങ്ങളിലേക്ക് കടന്നപ്പോൾ ക്ലസ്റ്റർ ഒരു മധുരസ്മരണയായി മാറി. അന്നു ഇതുമാറിയപ്പോൾ കേരാദായം കൊണ്ടുമാത്രം ജീവിതം തള്ളുന്നവർ കേരളത്തിലെ കേരകർഷകർ മാത്രമാണെന്ന നഗ്ന സത്യം. ഒരു ബോർഡുംഗവും ശക്തിയുക്തം വാദിച്ചില്ല. അതിന് അംഗങ്ങളെ നിശ്ചയിച്ചിരുന്നത് കൊടിയടയാളമല്ലെ. കേരമേഖലയിൽ മേന്മ കാട്ടുന്നവരെ അല്ലല്ലൊ. അന്ന് പ്രചരിച്ച പിന്നെ വിസ്മൃതിയിൽ ആണ്ട് കരിക്ക് കഴിക്കൂ, കരുത്ത് നേടൂ. അതും മങ്ങലിലായി. കോളകളെ പമ്പ കടക്കൂ. ഗ്ലൂക്കോസ് സമൃദ്ധമായ കരിക്കിന് വഴിമാറൂ. കറിക്കും കുളിക്കും നന്മയുടെ നിറകുടമായ വെളിച്ചെണ്ണ. ദാഹശമനി കരിക്കും. എന്തൊ നമ്മുടെ വിനോദസഞ്ചാരം വകുപ്പ് എന്നിട്ടും സദസ്സുകളിൽ നിരങ്ങിയത് മിനറൽ വാട്ടറും കോളയും. സർക്കാരിനും ഒരു കേരവിരോധം. പക്ഷെ കേരബോർഡിൽ വീണ്ടുമൊരു കാഹളനാദം മുഴങ്ങി. അത് ടി.കെ. ജോസ് എന്ന പ്രതിഭാധനനിൽ ഉടലെടുത്ത ലഹരികല്ല മധുരപിയൂഷമെന്ന നീരാ–ഹരം പിടിപ്പിക്കുന്ന മധുരം. തൊണ്ടയിൽ നാവിൽ രുചികൂട്ടിന്റെ മിന്നൽപ്പിണറുകൾ. ഒരു പടപ്പുറപ്പാടായിരുന്നു ബോർഡ് കാഴ്ചവെച്ച നീരക്കായുള്ള സദുദ്യമങ്ങൾ. അതിനായി സൊസൈറ്റികൾ, ഉൽപ്പാദകസംഘങ്ങൾ. എന്നിട്ടും എന്തൊ നീരയുടെ നീര് പാഞ്ഞു പരക്കാത്തതുപോലുള്ള ഒരു ദുരവസ്ഥ. സർക്കാരിനോ, എക്സൈസ് വകുപ്പിനോ എന്തോ ഒരു നീരാ നീരസ്സം. എവിടെയോ?. ശിങ്കളന് ശ്രീലങ്കയിൽ ഇത് വിറ്റ് കാശു വരാം. എന്നാൽ കേരത്തിന്റെ തറവാട്ടുകാർക്കു ഈ അക്ഷയഖനിയോട് ഒരു മമതാകുറവ്. കഷ്ടം എന്നല്ലെ പറയാനൊക്കൂ. ചെയർമാന്റെ വാക്കുകൾ ഏറെ അർത്ഥവത്ത് അവസരോചിതം. സുദൃഢം.



ചെയർമാൻ ടി.കെ. ജോസ് ഐഎഎസിന് ലേഖകനുമായി ഒരു സ്വകാര്യം. വിഷയം നീരതന്നെ.

'കൃഷിവകുപ്പ് നീരയെ നെഞ്ചിലേറ്റണം, ഓരോ കൃഷിഭവനിലും ഒരു നീരാവിദഗ്ധൻ വരണം, അയാൾ കർഷകരെ തന്ത്രപൂർവ്വം നീരാമോഹത്തിൽ വീഴ്ത്തി ചെത്ത് തുടങ്ങണം, നീരാ കേരളത്തിന്റെ വെൽക്കം ഡ്രിംങ്ക് ആക്കണം. സന്ദർശനത്തിനെത്തുന്ന ഓരോ വിദേശിയും ഈ ദൈവത്തിന്റെ സ്വന്തം നാട്ടിൽ നീരാമധുരത്തിൽ ആറാടണം. കയ്യെത്തും ദുരത്ത് ഓരോ സർബത്ത് കടയിലും നീരാ ശീതികരിച്ച നീരാ. അതു മുഴങ്ങണം. ജനം വാങ്ങണം. അതെ ഒരു നീരാ മാജിക്.

വരട്ടെ കർഷകസെമിനാറുകളിലും മധുരത്തിന്റെ കേദാരമായ നീരയുടെ നീരാട്ട്. എന്നാലേ നീര ചെത്ത് ആദായകരമാകൂ. ചെത്തിൽ കർഷകർ അണിനിരക്കൂ. ടി.കെ. ജോസ് വാചാലനാകുന്ന നിമിഷങ്ങൾ. ഒപ്പം ഗ്ലാനതയും നീരപാരകൾക്കുനേരെ‧ കൂടെ സർക്കാരിന്റെ അഴഞ്ഞ സമീപനങ്ങൾ കാണുമ്പോഴും തലസ്ഥാന നഗരിയിൽ ദേശീയ കായികമാമാങ്കം അരങ്ങ് തകർക്കുന്നു. ദാഹശമനികൾ ഓളം വെട്ടേണ്ട സുവർണ്ണാവസരം. അവിടെ എവിടെ ഒരു നീരാപാർലർ. അഭ്യാസികൾക്ക് മധുരിക്കാൻ. ബിയർ തരാം. നീരയോ, അതെന്താ! നിർഭാഗ്യകരമല്ലെ ഈ അവസ്ഥ എത്രയെത്ര മേളകൾ. സർക്കാരെ നിങ്ങൾ നടത്തി. വരട്ടെ പേര് നീരയുടെ നീരാട്ട് എന്ന ആഘോഷവും. ഉടനെ.